# നീര ഉത്പാദന ചട്ടം ഭേദഗതി അനിവാര്യം: കിസാൻ ജനത

കൊച്ചി: ലഹരി രഹിത ആരോഗ്യപാനിയമായ നീരയുടെ ഉത്പാദന രംഗത്തെ അബ്കാരി ചട്ടങ്ങളിൽ ഭേദഗതി അനിവാര്യമാണെന്ന് കിസാൻ ജനത സംസ്ഥാന കമ്മറ്റിയോഗം ആവശ്യപ്പെട്ടു. ഭേദഗതി അംഗീകരിച്ച് വിജ്ഞാപനം പുറത്തിറക്കാൻ സർക്കാർ ഇടപെടണം.

കുട്ടനാട്ടിലെയും ഇടുക്കിയിലെയും കാർഷിക പാക്കേജ് പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കുക, വെറ്ററിനറി ഡോക്ടർമാരുടെ സമരം അടിയന്തരമായി ഒത്ത് തീർപ്പാക്കുക, നെല്ലിൻെറ തറവില 2500 രൂപയാക്കുക, കർഷക ക്ഷേമ ബോർഡ് ഉടൻ പ്രവർത്തന ക്ഷമമാക്കുക തുടങ്ങിയ ആവശ്യങ്ങളും ഇവർ ഉന്നയിച്ചു.

കൊച്ചിയിൽ നടന്ന യോഗത്തിൽ സംസ്ഥാന പ്രസിഡൻറ് അയത്തിൽ അപ്പുക്കുട്ടൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി റോയ് ബി. തച്ചേരി, വെളിയനാട് മാത്തച്ചൻ, കെ. കുഞ്ഞിരാമൻ മാസ്റ്റർ, എൻ.കെ. രാമൻകുട്ടി മാസ്റ്റർ, എൻ.ഒ. ദേവസ്യ, ബി. ഓമനക്കുട്ടൻ നായർ, ഡി.ടി. കുമ്പുക്കാടൻ, എൻ. സുദർശന കുമാർ, ശശിധര പണിക്കർ, ബിജു ചേലമല, ടി.എം. വർഗീസ്, സി.എം. മുഹമ്മദ്, വി.പി. വർക്കി, കെ.എസ്. ഉദയകുമാർ, എം.പി. ബാലൻ മാസ്റ്റർ, എം.എച്ച്. ജനാർദനൻ, കെ.എ. തോമസ്, വെള്ളറ നാരായണൻ, ജഗതി വിശ്വംഭരൻ, അഡ്വ. മോഹൻദാസ് വിലങ്ങറ എന്നിവർ പങ്കെടുത്തു.